പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 65

# 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1777/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 65

# 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

## 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 നവംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റ് (1960-ലെ 34) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ (9)-ാം ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(9 എ) "ലേബർ അഡ്മിനിസ്റ്റേറ്റർ" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഇൻസ്പെക്ടർമാരായി വിജ്ഞാപനം ചെയ്യപ്പെട്ട സംസ്ഥാനത്തെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(9 ബി) "ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം" എന്നാൽ തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ലേബർ അഡ്മിനിസ്റ്റേറ്റർമാർക്കും എല്ലാ പരിഹാരങ്ങളും ലഭ്യമാക്കുവാൻവേണ്ടി തൊഴിൽ വകുപ്പിന്റെ ഉടമസ്ഥതയിലും പ്രവർത്തനത്തിലുമുള്ള സോഫ്റ്റ് വെയർ എന്നർത്ഥമാകുന്നു;".

1777/2021.

3. <u>5 എ-ാം വകുപ്പിനുള്ള ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 5 <u>എ</u> വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ, 'അപേക്ഷ ബോധിപ്പിക്കേണ്ടതാണ്' എന്ന വാക്കുകൾക്ക് മുൻപായി, "ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (6)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) ഈ ആക്റ്റ് പ്രകാരം നൽകിയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ അതിന്റെ കാലാവധി അവസാനിക്കുന്നതിന് കുറഞ്ഞത് മുപ്പത് ദിവസം മുമ്പ് നൽകേണ്ടതും ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് നൽകുന്നതിൻമേൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കിനൽകപ്പെടുന്നതുമാണ്.";

(3) (7)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(4) (8)-ാം ഉപവകുപ്പിൽ, "ഈ ആക്റ്റ് പ്രകാരം" എന്ന വാക്കുകൾക്ക് ശേഷം, "ലേബർ കമ്മിഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം വഴി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2021-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് (2021-ലെ 123) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിന്റെ (1960-ലെ 34) 5 <u>എ</u> വകുപ്പ് (1)-ാം ഉപവകുപ്പ് ഏതൊരു സ്ഥാപനത്തിന്റെയും മുതലാളി ഈ ആവശ്യാർത്ഥം ഗസറ്റിൽ പരസ്യംമൂലം ഗവൺമെന്റ് പ്രത്യേകം പറയാവുന്ന അധികാര സ്ഥാനത്തിന് നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും ഫീസ് കൊടുത്തും ആ സ്ഥാപനത്തെ സംബന്ധിച്ച ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷ ബോധിപ്പിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. 5 എ വകുപ്പ് (6)-ാം ഉപവകുപ്പ് ഈ ആക്റ്റ് പ്രകാരം നൽകിയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന ഫീസുകൊടുത്ത് അതിന്റെ കാലാവധി അവസാനിക്കുന്നതിനു കുറഞ്ഞത് 30 ദിവസം മുമ്പ് ബോധിപ്പിക്കേണ്ടതും അപ്രകാരമുള്ള ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ള പക്ഷം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ചാൽ തന്നെയും അതതു സംഗതിപോലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതുവരെയോ അഥവാ അത് പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതുവരെയോ നിലവിലുള്ളതായി കരുതപ്പെടേണ്ടതുമാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു. 5 എ വകുപ്പ് (7)-ാം ഉപവകുപ്പ്, ഈ ആക്റ്റിലെ വ്യവസ്ഥകളും അതു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളും സാരമായി അനുസരിച്ചിട്ടുണ്ടെന്ന് തക്ക അധികാരസ്ഥാനത്തിനു ബോദ്ധ്യമാകാത്തപക്ഷം അത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ പുതുക്കുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു എന്ന് വ്യവസ്ഥ ചെയ്യുന്നു. 5 എ വകുപ്പ് (8 )-ാം ഉപവകുപ്പ്, തക്ക അധികാര സ്ഥാനം ഈ ആക്റ്റ് പ്രകാരം നൽകിയതോ പുതുക്കിയതോ ആയ സർട്ടിഫിക്കറ്റ് കൈവശം വയ്ക്കുന്ന ആൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയശേഷം പ്രസ്തുത രജിസ്ട്രേഷൻ സർട്ടഫിക്കറ്റ് തെറ്റിദ്ധരിപ്പിച്ചതു മൂലമോ അഥവാ ചതിമൂലമോ ലഭിച്ചിട്ടുള്ളതാണെന്നോ അഥവാ ഈ ആക്റ്റിലെയോ അതു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ മുതലാളി ലംഘിക്കുകയോ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടുണ്ടെന്നോ അതിനു തോന്നുകയാണെങ്കിൽ ഉത്തരവുമൂലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

3. ഈസ് ഓഫ് ഡൂയിംഗ് ബിസിനസുമായി ബന്ധപ്പെട്ട് സംസ്ഥാനതല പരിഷ്കാരങ്ങളുടെ ഭാഗമായി, 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റിൽ, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നൽകികൊണ്ട് രജിസ്ട്രേഷൻ സ്വയം പുതുക്കുന്നതിനും സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഓൺലൈനിൽ നടത്താനും തീരുമാനിച്ചു.

4. മേൽ പറഞ്ഞ ആവശ്യത്തിലേക്ക് 1960-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ആക്റ്റിലെ 2-ാം വകുപ്പ്, 5 എ-ാം വകുപ്പിന്റെ (1), (6), (8) ഉപവകുപ്പുകൾ ഭേദഗതി ചെയ്യാനും 5 എ വകുപ്പിലെ (7)-ാം ഉപവകുപ്പ് വിട്ടുകളയാനും സർക്കാർ തീരുമാനിച്ചു.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് 2020 നവംബർ 6-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 നവംബർ 9-ാം തീയതിയിലെ 2717-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 75-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 655-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 6-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3-ാം തീയതിയിലെ 1939-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 89-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

10. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

11. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 25-ാം തീയതിയിലെ 2487-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 123-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

12. 2021-ലെ 123-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ (2)-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന, 2-ാം വകുപ്പിലെ (9 എ)-ാം ഖണ്ഡം, തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഈ ആക്റ്റിൻകീഴിൽ ഇൻസ്പെക്ടർമാരായി വിജ്ഞാപനം ചെയ്യുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 5 എ വകുപ്പ് (6)-ാം ഉപവകുപ്പ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ അവ ഉണ്ടാക്കിയതിന് ശേഷം നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. ശിവൻകുട്ടി.

(ശരിത്തർജ്ജമ)

## 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ (1960-ലെ 34) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിന് മറ്റുപ്രകാരം ആവശ്യം ഇല്ലാത്തപക്ഷം,—

(1) "തൊഴിൽ ശീലിക്കുന്ന ആൾ" എന്നതിന് ഒരു മുതലാളി തന്റെ സർവ്വീസിൽ ഏതെങ്കിലും വ്യാപാരമോ തൊഴിലോ താൻ മുഖേനയോ മറ്റൊരാൾ മുഖേനയോ പരിശീലിക്കുന്നതിന്നായി പ്രവൃത്തിക്കാക്കുന്ന പന്ത്രണ്ടു വയസ്സിൽ താഴെയല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു;

** ** ** **

(9) "ഇൻസ്പെക്ടർ" എന്നതിന് ഈ ആക്റ്റു പ്രകാരം നിയമിക്കപ്പെടുന്ന ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു;

** ** ** **

5 എ. സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യൽ.—(1) ഏതൊരു സ്ഥാപനത്തിന്റെയും മുതലാളി ഈ ആവശ്യാർത്ഥം ഗസറ്റിൽ പരസ്യംമൂലം ഗവൺമെന്റ് പ്രത്യേകം പറയാവുന്ന അധികാര സ്ഥാനത്തിന് (ഈ അദ്ധ്യായത്തിൽ തക്ക അധികാര സ്ഥാനം എന്നാണ് പറയപ്പെടുക) നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും ഫീസ് കൊടുത്തും ആ സ്ഥാപനത്തെ സംബന്ധിച്ച ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷ ബോധിപ്പിക്കേണ്ടതാണ്.

** ** ** **

(6) ഈ ആക്റ്റു പ്രകാരം നൽകിയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെടാവുന്ന ഫീസു കൊടുത്ത് അതിന്റെ കാലാവധി അവസാനിക്കുന്നതിനു കുറഞ്ഞത് 30 ദിവസം മുമ്പ് ബോധിപ്പിക്കേണ്ടതും അപ്രകാരമുള്ള ഒരു അപേക്ഷ ബോധിപ്പിച്ചിട്ടുള്ള പക്ഷം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിച്ചാൽ തന്നെയും അതതു സംഗതിപോലെ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പുതുക്കുന്നതുവരെയോ അഥവാ അത് പുതുക്കുന്നതിനുള്ള അപേക്ഷ നിരസിക്കുന്നതുവരെയോ നിലവിലുള്ളതായി കരുതപ്പെടേണ്ടതുമാകുന്നു.

(7) ഈ ആക്ടിലെ വ്യവസ്ഥകളും അതു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളും സാരമായി അനുസരിച്ചിട്ടുണ്ടെന്ന് തക്ക അധികാരസ്ഥാനത്തിനു ബോദ്ധ്യമാകാത്തപക്ഷം അത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ പുതുക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(8) തക്ക അധികാര സ്ഥാനം ഈ ആക്ടു പ്രകാരം നൽകിയതോ പുതുക്കിയതോ ആയ സർട്ടിഫിക്കറ്റു കൈവശം വയ്ക്കുന്ന ആൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയശേഷം പ്രസ്തുത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തെറ്റിദ്ധരിപ്പിച്ചതുമൂലമോ അഥവാ ചതിമൂലമോ ലഭിച്ചിട്ടുള്ളതാണെന്നോ അഥവാ ഈ ആക്ടിലെയോ അതു പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ മുതലാളി ലംഘിക്കുകയോ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്തിട്ടുണ്ടെന്നോ അതിനു തോന്നുകയാണെങ്കിൽ ഉത്തരവുമൂലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റു റദ്ദാക്കുകയോ സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

** ** ** **